വൈദ്യുത പദ്ധതികൾ ഈ സ്ഥാപനത്തിനുവേണ്ടി കിട്ടുന്നതിനുള്ള പരിശ്ര മവും നടത്തുന്നുണ്ട്. അതുപോലെ തന്നെ മെമ്പ്രയിൻ സെല്ലിനുവേണ്ടി എടുത്ത പണം ഞങ്ങൾ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പുതിയ യൂട്ടിലൈ സേഷൻ പ്ളാന്റ് വയ്ക്കുന്നത് പരിശോധിച്ചപ്പോൾ ഉടനെതന്നെ ആവശ്യമില്ല, കുറച്ചു വൈകിയാലും മതിയാകുമെന്ന് മനസ്സിലായി. വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട് എന്തു ചെയ്യുവാൻ കഴിയുമെന്ന കാര്യം പരി ശോധിക്കുന്നുണ്ട്. ടെൽക്ക് നല്ലൊരു സ്ഥാപനമാണ്. അതിനെ എങ്ങനെയും പരിരക്ഷിക്കുന്നതിനാവശ്യമായിട്ടുള്ള നടപടി എടുക്കണമെന്നാണ് തീരുമാനി ച്ചിട്ടുള്ളത്.

## (12) പൈനാപ്പിൾ കർഷകർ നേരിടുന്ന പ്രതിസന്ധി

[12 Noon] ശ്രീ. ജോണി നെല്ലൂർ : സർ, കേരളത്തിലെ പൈനാപ്പിൾ കൃഷി ക്കാർ നേരിടുന്ന വളരെ ഗൗരവമുള്ള ചില പ്രശ്നങ്ങൾ ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ സബ്മിഷൻ കൊണ്ടുവന്നിരിക്കുന്നത്. കേരളത്തിലെ പൈനാപ്പിൾ കൃഷിക്കാർ സ്വന്തമായി സ്ഥലമില്ലാതെ പാട്ടത്തിന് സ്ഥലമെടുത്ത് പൈനാപ്പിൾ കൃഷി ചെയ്യാനായി മുന്നോട്ടു വന്നു. അവർ രംഗത്തു വരുമ്പോൾ പൈനാപ്പിളിനു സാമാന്യം വില യുണ്ടായിരുന്നു. ഞാൻ ഈ സബ്മിഷനു നോട്ടീസ് നൽകുന്നത് കഴിഞ്ഞ മാസം 30-ാംതീയതിയായിരുന്നു. 30-ാം തീയതി നോട്ടീസ് നൽകുന്ന അവസര ത്തിൽ ഒരു കിലോ പൈനാപ്പിളിനു ഒന്നര രൂപ പോലും വിലയില്ലായിരുന്ന സമയം ആയിരുന്നു. ഒരു പക്ഷെ മന്ത്രി മറുപടി പറയുമ്പോൾ പറയും ഈ കഴിഞ്ഞ 3 ദിവസമായി സാമാന്യം നല്ല വില കിട്ടുന്നുണ്ട് എന്ന്. അത് അംഗീ കരിക്കുന്നു. അത് ഈ നോട്ടീസ് തന്നതിന്റെ പേരിലല്ല. ഇടയ്ക്കിടയ്ക്ക് ഇങ്ങനെ വില കൂടുകയും കുറയുകയും ചെയ്യുന്നുണ്ട്.

മി. സ്പീക്കർ : 30-ാം തീയതിയുള്ള നോട്ടീസ് സ്വീകരിക്കാൻ പാടില്ലാ ത്തതാണ്.

ശ്രീ. ജോണി നെല്ലൂർ : ഇത് അവിടുത്തെ വലിയൊരു പ്രശ്നമായതു കൊണ്ട് ഞാൻ മുൻകൂട്ടി നോട്ടീസ് തന്നുവെന്നേയുള്ളൂ. ഏതായാലും ഇപ്പോൾ എനിക്ക് ഇവിടെ ഉന്നയിക്കാനുള്ള കാര്യം, വളരെയേറെ ചെറുപ്പ ക്കാർ കാർഷികവൃദ്ധിയിൽനിന്നും വേറിട്ടു നിൽക്കുമ്പോൾ ഈ ഒരു രംഗത്തു മാത്രം കൃഷിയുമായി ബന്ധപ്പെട്ട് ആളുകൾ മുന്നോട്ടു വരുന്നു. റബ്ബറും തെങ്ങും പോയി. ഇപ്പോൾ പൈനാപ്പിളാണ്. ലക്ഷക്കണക്കിനു രൂപ ബാങ്കുക ളിൽ നിന്നും ലോണെടുത്ത് പൈനാപ്പിൾ കൃഷി ചെയ്യുമ്പോൾ ഒന്നര രൂപ പോലും ഒരു കിലോയ്ക്ക് വിലയില്ലാതെ വരുംപോൾ 40 ഉം 50 ഉം ലക്ഷം രൂപ ലോണെടുത്ത കൃഷിക്കാർ നിരാശയുടെ പടുകുഴിയിലാണ്. മൂന്നു ദിവസ മായി റംസാൻ വന്നതിന്റെ ഫലമായി ബോംബയിലേക്ക് കുറെ ലോഡ് പോയപ്പോൾ അൽപ്പം വില ഉയർന്നു. പക്ഷെ ഇതൊരു മൂന്നു ദിവസത്തിനകം വീണ്ടും താഴേയ്ക്കുപോകും. ഒരു രൂപപോലും വിലയില്ലാത്ത അവസ്ഥവരും. പൈനാപ്പിൾ വെട്ടാൻപോലും കഴിയാതെ വെട്ടിയെടുത്താൽ അതിനു ചെല വാകുന്ന തുകപോലും കിട്ടാതെ ബുദ്ധിമുട്ടുകയാണ്. യൂറോപ്യൻ സാമ്പ ത്തിക സമൂഹത്തിന്റെ ധനസഹായത്തോടുകൂടി പൈനാപ്പിൾ കൃഷിക്കാരെ സഹായിക്കാൻ വേണ്ടി ഒരു പഴസംസ്ക്കരണ ഫാക്ടറി മൂവാറ്റുപുഴയിൽ വന്നു. ഇന്ന് അത് കൃഷിക്കാർക്ക് ഒരു ശാപമായി മാറിയിരിക്കുകയാണ്. എനിക്ക് അത് പറയാൻ വേദനയുണ്ട്. അവിടെ 90 ടൺ പൈനാപ്പിൾ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ദിവസം ശേഖരിക്കും, സംഭരിക്കും, പ്രോസസ് ചെയ്യുമെന്ന് തീരുമാനിച്ചിരുന്നതാണ്. കഴിഞ്ഞ ആറേഴു മാസമായി പരിശോധിച്ചപ്പോൾ, 20 ടൺ പൈനാപ്പിൾപോലും ശേഖരിച്ചിട്ടില്ല എന്ന് മനസ്സിലായി. അത് ഇന്ന് അവിടുത്തെ കൃഷിക്കാർക്ക് ശാപമായി, പൈനാപ്പിൾ ശേഖരിക്കാതെ ഒരു അവസ്ഥയിൽ നിൽക്കുന്നു. മറ്റൊരു സംരംഭം, യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ ധനസഹായത്തോടു കൂടി മൂവാറ്റുപുഴയിൽ കഴിഞ്ഞ ജൂൺ മാസത്തിൽ ബഹുമാനപ്പെട്ട കൃഷി മന്ത്രി വന്ന് ഉദ്ഘാടനം ചെയ്ത കാർഷിക മാർക്കറ്റ്. ഒരു കിലോ പൈനാപ്പിൾ പോലും അവിടെ സംഭരിച്ചിട്ടില്ല. വെറുതെ കിടക്കുകയാണ്. പ്രവർത്തനം തുടങ്ങിയിട്ടില്ല. എനിക്ക് ബഹുമാന്യനായ കൃഷി വകുപ്പ് മന്ത്രിയോടു അഭ്യർത്ഥിക്കാനുള്ളത്, ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണം. ഞങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കണ്ട് നിവേദനം കൊടുത്തു. ചെറുപ്പക്കാരെ ആത്മഹത്യയിലേക്ക് തള്ളിവിടാൻ കൃഷി മന്ത്രിയും മുഖ്യമന്ത്രിയും തയ്യാറാകരുത്. ഇത് ചെറുപ്പക്കാരായ കൃഷിക്കാരുടെ രോദനമാണ്. എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, പൈനാപ്പിളിനു ഒരു താങ്ങുവില പ്രഖ്യാപിക്കണം. രണ്ടാമത്, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോണെടുത്ത കൃഷിക്കാർക്ക് ആ ലോണിന്റെ കാര്യത്തിൽ ഒരു മൊറട്ടോറിയം പ്രഖ്യാപിക്കണം. ഇതുപോലുള്ള കാര്യങ്ങൾ ചെയ്തു തന്ന് പൈനാപ്പിൾ കൃഷിക്കാരെ രക്ഷിക്കണം എന്നു മാത്രമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, മൂവാറ്റുപുഴ പ്രദേശത്താണ് കേരളത്തിലെ പൈനാപ്പിളിന്റെ സിംഹഭാഗവും ഉൽപാദിപ്പിക്കുന്നത്. ഇതിന്റെ വില നിർണ്ണയിക്കുന്നത് നമ്മളല്ല. പ്രധാനമായിട്ടും കേരളത്തിനു പുറത്തുള്ള മറ്റ് സംസ്ഥാനങ്ങളിലെ വിപണികളിലാണ് പൈനാപ്പിൾ വിറ്റഴിക്കുന്നത്. അതിൽ ഏറ്റവും പ്രധാനം ബോംബെ വിപണിയാണ്. ആ ബോംബെ മാർക്കറ്റിലെ ആവശ്യകതയും മറ്റ് പഴവർഗ്ഗങ്ങളുടെ ലഭ്യതയുമാണ് പൈനാപ്പിളിന്റെ വില പലപ്പോഴും നിർണ്ണയിക്കുന്നത്. കഴിഞ്ഞ വർഷം ഈ സീസണിൽ ഒരു കിലോ പൈനാപ്പിളിനു 4 രൂപ മുതൽ 7 രൂപ 50 പൈസ വരെ വിലയുണ്ടായിരുന്നു. ഇപ്പോൾ വില വളരെ കുറവാണ്. അവിടെ കെ.എച്ച്.ഡി.പി യുടെ ഒരു പഴ സംസ്ക്കരണ ശാലയുണ്ട്. അതിപ്പോൾ സ്ഥാപിച്ചതല്ല. കുറെ മുൻപ് സ്ഥാപിച്ചതാണ്. പക്ഷെ അത് സ്ഥാപിക്കുന്ന അവസരത്തിൽ മൂവാറ്റുപുഴയിലെ പൈനാപ്പിൾ കർഷകരെ എത്രത്തോളം സഹായിക്കാൻ കഴിയും എന്ന ഒരു അടിസ്ഥാന പ്രശ്നം മനസ്സിലാക്കിയിട്ടല്ല ഇങ്ങനെ ഒരു ഫാക്ടറി സ്ഥാപിച്ചത്. ഒരു ദിവസം 63 ടൺ പൈനാപ്പിളാണ് ആ ഫാക്ടറിയിൽ സംസ്ക്കരിക്കാൻ കഴിയുന്നത്. ഒരു വർഷത്തിൽ 14000 ടൺ പൈനാപ്പിളേ ആ ഫാക്ടറിയിൽ സംസ്ക്കരിക്കാൻ കഴിയു. എന്നു പറഞ്ഞാൽ മൂവാറ്റുപുഴയിൽ ഒരു വർഷം ഉൽപാദിപ്പിക്കുന്ന പൈനാപ്പിളിന്റെ 10 ശതമാനത്തോളം പൈനാപ്പിൾ മാത്രമാണ് ഈ ഫാക്ടറിയിൽ സംസ്ക്കരിക്കാൻ കഴിയുന്നത്. നമ്മൾ കോടിക്കണക്കിനു രൂപ ചെലവു ചെയ്തു അങ്ങനെ ഒരു ഫാക്ടറി രൂപം കൊടുക്കുന്ന അവസരത്തിൽ കുറെക്കൂടി കൂടുതൽ പൈനാപ്പിൾ സംസ്ക്കരിക്കാൻ കഴിയുന്ന ഒരു വലിയ ഫാക്ടറി തയ്യാറാക്കേണ്ടതായിരുന്നു. യൂറോപ്യൻ സാമ്പത്തിക സമൂഹമാണ് വായ്പ തന്നത്. ശ്രീ. ടി.എം. ജേക്കബ് ഒക്കെ മന്ത്രിയായിരുന്ന സമയത്താണ് ഇതൊക്കെ വന്നത്. ഈ ഫാക്ടറിയുടെ കാര്യങ്ങളൊക്കെ തീരുമാനിച്ചത് അന്നാണ്. അന്ന് ഇതു കൂടി കാണേണ്ടതായിരുന്നു. ഇവിടെ ഇന്റർനാഷണൽ മാർക്കറ്റിലെ പൈനാപ്പിളിന്റെ പഴ സത്തിന്റെ വിലയുമായി ബന്ധപ്പെട്ടു

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ ഈ ഫാക്ടറിക്ക് പൈനാപ്പിൾ ശേഖരിക്കാൻ കഴിയു. ഇന്റർനാഷണൽ മാർക്കറ്റിൽ ഒരു ടൺ പഴ സത്തിന് 1700 ഡോളർ വിലയുണ്ടായിരുന്നു. ഇപ്പോൾ അത് 700 ഡോളറായി കുറഞ്ഞു. ഇതാണ് സ്ഥിതി. അവിടത്തെ പഴ സത്ത് ഇന്റർനാഷണൽ മാർക്കറ്റിലാണ് വിറ്റഴിക്കേണ്ടത്. അതിന്റെ വിലയുമായിട്ടു ബന്ധപ്പെട്ടല്ലാതെ ഈ ഫാക്ടറിക്ക് പൈനാപ്പിൾ വാങ്ങാൻ കഴിയില്ല. എന്നാൽ ഇപ്പോൾ പൈനാപ്പിൾ വാങ്ങിയിരുന്നു. ഒരു കിലോ പൈനാപ്പിളിന് ഒരു രൂപ വരെ വില വന്ന അവസരത്തിൽ ഈ ഫാക്ടറി 2 രൂപ 50 പൈസ മുതൽ 3 രൂപ വരെ കൊടുത്ത് കർഷകരിൽ നിന്നും പൈനാപ്പിൾ ശേഖരിച്ചിരുന്നു. ഇപ്പോൾ അവിടെ ഏകദേശം 8 രൂപ മുതൽ 9 രൂപ വരെ ഒരു കിലോ പൈനാപ്പിളിനു വിലയുണ്ട്.

ഈ വിലയുള്ളപ്പോൾ ഫാക്ടറിക്ക് പൈനാപ്പിൾ കൊടുക്കില്ല. ഇനി ഇതിനേക്കാൾ പൈനാപ്പിളിന്റെ വില കുറഞ്ഞു വരുന്ന സാഹചര്യത്തിൽ തീർച്ചയായിട്ടും ആ ഫാക്ടറിയിൽ പൈനാപ്പിൾ ശേഖരിക്കാൻ കഴിയും എന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

## (13) വടകര - മാഹി കനാലിന്റെ പണി ത്വരിതപ്പെടുത്തൽ

ശ്രീ. സി.കെ. നാണു : സർ, മലബാർ ഭാഗത്തുള്ള ജലപാതയുടെ ഭാഗമാണ് മാഹി കനാൽ. വർഷങ്ങൾക്ക്മുമ്പ് നൂറു കണക്കിനു ഏക്കർ ഭൂമി യെടുത്ത് കനാലിന്റെ പണി ആരംഭിച്ചതാണ്. പക്ഷെ മാഹി കനാൽ കൊണ്ട് എന്താണ് ഉദ്ദേശിച്ചത്. അത് ഇതുവരെ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. ഞാൻ ഈ നിയമസഭയിൽ വന്നതിനുശേഷം വടകര, ബേപ്പൂർ, കൊയിലാണ്ടി തുടങ്ങിയ നിയോജക മണ്ഡലങ്ങളിലൂടെയൊക്കെ കടന്നുപോകുന്ന ഈ കനാലിന്റെ പണി തീർക്കാത്തതിനെ സംബന്ധിച്ച് സബ്മിഷനായും പല രൂപത്തിലും ഇവിടെ ഉന്നയിച്ചിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ മാഹി കനാലിന്റെ പണി മുഴുമിപ്പിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കാൻ സന്നദ്ധമായി എന്നു ഞാൻ മനസ്സിലാക്കുന്നു. പക്ഷെ മാഹി കനാലിന്റെ പണി മുഴുമിപ്പിക്കുന്നതിനാവശ്യമായ, ഫലപ്രദമായ നടപടികൾ ഇവിടെ നടന്നു കാണുന്നില്ല. പരിസരത്തുള്ള കൃഷിക്കാർക്ക് കൃഷി ചെയ്യാവുന്ന ആയിരക്കണക്കിനു ഏക്കർ ഭൂമി ഈ ആവശ്യത്തിനുവേണ്ടി സർക്കാർ ഏറ്റെടുക്കുകയുണ്ടായി. എന്നിട്ട് അത് ഉപയോഗപ്പെടുത്താതിരിക്കുകയാണ്. സ്വാഭാവികമായി അവിടെയുള്ള ജനങ്ങൾക്ക് പ്രത്യേകിച്ച് ഇതിന്റെ സമീപത്തുള്ള കൃഷിക്കാർക്ക് അതിൽ അമർഷമുണ്ട്. അതുകൊണ്ട് ഇതു പരിഹരിക്കാൻ, മാഹി കനാലിന്റെ പണി മുഴുമിപ്പിക്കുന്ന നടപടി സത്വരമായി ഗവൺമെന്റ് ആരംഭിക്കണമെന്നും നടപ്പിലാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ.വി.പി രാമകൃഷ്ണപിള്ള) : സർ, വടകര-മാഹി കനാലിന്റെ പുനരുദ്ധാരണത്തിന് 1,692 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പുതുക്കിയ ഒരു പ്രോജക്ട് റിപ്പോർട്ട് 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിലേക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ 1999 നവംബർ മാസത്തിൽ എത്തിച്ചുകൊടുത്തിട്ടുണ്ട്. 19.3 കി.മീ. നീളമുള്ള ഈ കനാലിന്റെ പുനരുദ്ധാരണത്തിനായി 1965 ൽ കേന്ദ്രാനുമതി ലഭിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പണി നിർത്തിവയ്ക്കുകയാണുണ്ടായത്. അതിനുശേഷം 1997 ൽ 1,095 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിരുന്നുവെങ്കിലും ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ചില സംശയങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly